**13-ാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:642** | **19.03.2013-ൽ മറുപടിയ്ക്ക്**

# കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി.കെ.നാണു. | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ആകെ എത്ര പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു; | (എ) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിൽ ഇപ്പോൾ 44 പൊതുമേഖലാസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) അവയിൽ എത്ര എണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു; എത്ര എണ്ണമാണ് നഷ്ടത്തിലുള്ളത്; | (ബി) 2011 -12 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് [താൽക്കാലിക കണക്കുകൾ] പ്രകാരം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 44 പൊതുമേഖലാസ്ഥാപനങ്ങളിൽ 20 എണ്ണം ലാഭത്തിലും 24 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. |
| (സി) അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (സി) 2011-12 സാമ്പത്തിക വർഷത്തെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരമുള്ള ലാഭ / നഷ്ട കണക്കുകളുടെ വിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പൂട്ടി കിടക്കുന്നു; | (ഡി) & (ഇ) | സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിൽ പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ് - 2002 മുതൽ പ്രവർത്തനരഹിതമായി..<br>2. കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ് - 2001 ൽ പ്രവർത്തനം അവസാനിപ്പിച്ചു.<br>3.കെൽട്രോൺ റെക്ടിഫൈയേഴ്സ് ലിമിറ്റഡ് - 2003 ൽ BIFR തീരുമാനം അനുസരിച്ച് പ്രവർത്തനം അവസാനിപ്പിച്ചു.<br>4 കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് & കെമിക്കൽസ് ലിമിറ്റഡ് - 2002 മുതൽ പ്രവർത്തനരഹിതമായി..<br>5.അസ്ട്രൽ വാച്ചസ് ലിമിറ്റഡ് -2002 മുതൽ പ്രവർത്തനരഹിതമായി..<br>6.കേരള ഗാർമെന്റ്സ് ലിമിറ്റഡ്-2007 മുതൽ പ്രവർത്തനരഹിതമായി..<br>7. കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് - 2000 ൽ പ്രവർത്തനം അവസാനിപ്പിച്ചു.<br>8. സിഡ്ക്കൽ ടെലിവിഷൻ ലിമിറ്റഡ് - 2001 ൽ പ്രവർത്തനം അവസാനിപ്പിച്ചു. |
| (ഇ) | എന്ന് മുതലാണ് അവ പൂട്ടിക്കിടക്കുന്നത്; | | |
| (എഫ്) | പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; | (എഫ്) & (ജി) | മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |
| (ജി) | ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | | |

(signature)

**സെക്ഷൻ ഓഫീസർ**

അനുബന്ധം - I

***Turnover and Profit/Loss of PSUs under the Ministry of Industries - 2011-12***

*(Rs.in crores)*

| Sl. No. | Company | Turnover | Net profit/loss |
|---|---|---|---|
| 1 | The Kerala Minerals and Metals Ltd | 613.49 | 150.10 |
| 2 | Malabar Cements Ltd | 298.58 | 50.55 |
| 3 | Kerala State Industrial Development Corporation Ltd | 56.46 | 39.03 |
| 4 | Travancore Titanium Products Ltd | 199.01 | 24.16 |
| 5 | Transformers and Electricals Kerala Ltd | 211.65 | 19.27 |
| 6 | KINFRA | 40.10 | 15.89 |
| 7 | Kerala State Electronic Development Corporation Ltd | 302.10 | 15.19 |
| 8 | Kerala State Industrial Enterprises Ltd | 30.53 | 7.09 |
| 9 | Steel and Industrial Forgings Ltd | 65.00 | 4.73 |
| 10 | Travancore-Cochin Chemicals Ltd | 169.57 | 3.89 |
| 11 | Kerala State Drugs and Pharmaceuticals Ltd | 36.21 | 3.41 |
| 12 | Kerala Small Industries Development Corporation Ltd | 205.19 | 2.63 |
| 13 | CAPEX | 67.31 | 2.41 |
| 14 | Kerala Clays and Ceramic Products Ltd | 8.27 | 2.24 |
| 15 | Keltron Electro Ceramics Ltd | 11.23 | 1.27 |
| 16 | Steel Industrials Kerala Ltd | 21.25 | 1.21 |
| 17 | Texfed | 0.93 | 0.52 |
| 18 | Forest Industries (Travancore) Ltd | 12.44 | 0.16 |
| 19 | KELPALM | 0.80 | 0.07 |
| 20 | KEMDEL | 0.22 | 0.03 |
| 21 | The Metal Industries Ltd | 2.83 | -0.15 |
| 22 | Kerala Artisans Development Corporation Ltd | 13.40 | -0.15 |

| | | | |
|---|---|---|---|
| 23 | Keltron Component Complex Ltd | 57.60 | -1.17 |
| 24 | The Kerala Ceramics Ltd | 5.80 | -1.20 |
| 25 | Handicrafts Development Corporation (Kerala) Ltd | 15.30 | -1.48 |
| 26 | Autokast Ltd | 25.85 | -1.56 |
| 27 | Trivandrum Spinning Mills Ltd | 5.59 | -1.77 |
| 28 | Sitaram Textiles Ltd | 12.77 | -2.17 |
| 29 | Alleppey Co-operative Spinning Mills | 7.54 | -2.32 |
| 30 | The Quilon Co-operative Spinning Mills Ltd | 11.93 | 2.76 |
| 31 | Kerala State Bamboo Corporation Ltd | 12.52 | 2.95 |
| 32 | Kerala State Cashew Development Corporation Ltd | 270.68 | -2.96 |
| 33 | Traco Cable Company Ltd | 59.91 | -3.31 |
| 34 | United Electrical Industries Ltd | 14.82 | -3.86 |
| 35 | Kerala Automobiles Ltd | 11.82 | -4.48 |
| 36 | The Cannannore Co-operative Spinning Mills Ltd | 11.37 | -4.53 |
| 37 | HANTEX | 25.85 | -4.55 |
| 38 | The Trichur Co-operative Spinning Mills Ltd | 11.32 | -4.83 |
| 39 | The Travancore Cements Ltd | 26.38 | -5.00 |
| 40 | Steel Complex Ltd | 41.88 | -5.41 |
| 41 | The Malappuram Co-operative Spinning Mills Ltd | 18.14 | 5.50 |
| 42 | Kerala Electrical and Allied Engineering Company Ltd | 71.83 | -5.79 |
| 43 | Kerala State Handloom Development Corporation Ltd | 11.28 | -8.15 |
| 44 | Kerala State Textile Corporation Ltd | 51.47 | -22.03 |
| | **TOTAL** | **3,148.22** | **245.80** |

## അനുബന്ധം II

- **കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡിന്റെ** സ്ഥലവും സൗകര്യങ്ങളും **ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (ഗിഫ്റ്റ്)** എന്ന സർക്കാർ സ്ഥാപനത്തിന് കൈമാറി. ഈ കമ്പനിയിൽ ഉണ്ടായിരുന്ന ജീവനക്കാരെ കെൽട്രോണിന്റെ യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്.
- **കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡിന്റെയും കെൽട്രോൺ റെക്ടിഫൈയേഴ്സ് ലിമിറ്റഡിന്റെ**യും ആസ്തികളും ബാദ്ധ്യതകളും വികസനപ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ **കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ** ഏറ്റെടുക്കുന്നതിന് സ.ഉ. നം.165/08/ID dated 22/10/2008 പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.
- **കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് & കെമിക്കൽസ് ലിമിറ്റഡിന്റെ** അടിസ്ഥാന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി **കിൻഫ്രാ** യ്ക്ക് കൈമാറിയിട്ടുണ്ട്.
- കാസർഗോട് ജില്ലയിലെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള **അസ്ട്രൽ വാച്ചസ് ലിമിറ്റഡ്** എന്ന കമ്പനിയുടെ ചുമതല 100% ഷെയർ ഹോൾഡറായ KSIDC-യെ വ്യാവസായിക വികസനത്തിനായി ഏൽപ്പിച്ചിരിക്കുകയാണ്.
- സ.ഉ. നം.15/2011/ID dated 18/1/2011 പ്രകാരം **കേരള ഗാർമെന്റ്സ് ലിമിറ്റഡ്** - ന്റെ ആസ്തികളും ബാധ്യതകളും **ഹാൻവീവിന്** കൈമാറാൻ തീരുമാനമായി ട്ടുണ്ട്.
- **കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡിന്റെ** സ്ഥലങ്ങൾ Co-operative Academy of Professional Education (CAPE) നും National Coir Research & Management Institute (erstwhile C-Doct) നും കൈമാറിയിട്ടുണ്ട്. ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (25 Acre to CAPE & 5 Acre to C-Doct.)
- പ്രവർത്തനം നിലച്ച സിഡ്ക്കൽ ടെലിവിഷൻ ലിമിറ്റഡിനെ ലിക്വിഡേറ്റ് ചെയ്യുന്നതിനായി **സിഡ്കോയും, കെൽട്രോണും** നടപടികൾ സ്വീകരിച്ചുവരുന്നു.

(signature)

**സെക്ഷൻ ഓഫീസർ**